II.ഇ.ബി. XII--കേരള നിയമസഭ/IV--11

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ–സംഗ്രഹം

2007 മാർച്ച് 20, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

71 (*301) വെറ്ററിനറി സർവ്വകലാശാല

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, കേരളത്തിൽ വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി 2006 ഏപ്രിൽ മാസത്തിൽ സർക്കാരിന് റിപ്പോർട്ട് നൽകിയതിനെത്തുടർന്ന് പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി സ്പെഷ്യൽ ഓഫീസറായി നിയമിക്കപ്പെട്ട മൃഗസംരക്ഷണ വകുപ്പു സെക്രട്ടറി 12.2.2007–ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. . നിർദ്ദിഷ്ട സർവ്വകലാശാല സ്ഥാപിക്കാനുള്ള കരട് ബില്ല് തയ്യാറാക്കി വരുന്നുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഇതിനാവശ്യമായ ഫണ്ട് വകയിരുത്തുന്നതാണ്. ഇന്ത്യയിൽ തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്,

ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇപ്പോൾ വെറ്ററിനറി സർവ്വകലാശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തിയിലെ കാർഷിക കോളേജ്, പൂക്കോടുള്ള കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി, പനങ്ങാടുള്ള ഫിഷറീസ് കോളേജ് എന്നിവചേർത്ത് പൂക്കോട് ആസ്ഥാനമായി ഒരു വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. യൂണിവേഴ്സിറ്റി പ്രവർത്തനം തുടങ്ങുമ്പോൾ ഗവേഷണസ്വഭാവമുള്ള ചില ലാബുകൾകൂടി ഇതിന്റെ കീഴിൽ കൊണ്ടുവരേണ്ടിവരും. 34 ലക്ഷം കന്നുകാലി സമ്പത്ത്, 14 ലക്ഷം ക്ഷീരകർഷകർ, ഫിഷറീസ് ഗവേഷണം എന്നിവയെല്ലാം ചേർത്ത് യൂണിവേഴ്സിറ്റിയാക്കുന്നതോടുകൂടി വമ്പിച്ച തോതിലുള്ള സാമ്പത്തിക വരുമാനവും തൊഴിലവസരങ്ങളുമുണ്ടാവുകയും ഗവേഷണത്തിൽ പുരോഗതി കൈവരിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അത് വളരെവേഗം പൂർത്തിയാക്കി യൂണിവേഴ്സിറ്റി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടക്കുകയാണ്. ഇതിന് ഭാവിയിൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് സഹായങ്ങൾ കിട്ടാനുള്ള സാധ്യതയുണ്ട്. കേരളത്തിലെ വെറ്ററിനറി ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. വിദർഭ സ്കീം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ദീർഘാവധിയിൽ പ്രവേശിച്ച ഡോക്ടർമാരെ തിരിച്ചുവിളിക്കുന്നുണ്ട്. കൂടുതൽ കുട്ടികൾ ഈ രംഗത്തേയ്ക്ക് ആകർഷിക്കപ്പെട്ട് വരികയും പഠിക്കുകയും ചെയ്യുമ്പോൾ കാലക്രമേണ സംസ്ഥാനത്തെ വെറ്ററിനറി ഡോക്ടർമാരുടെ അഭാവം പരിഹരിക്കാൻ കഴിയും. ആനിമൽ ഹസ്ബന്ററി

ഡിപ്പാർട്ടുമെന്റിലെ കെ.എൽ.ഡി. ബോർഡ്, മിൽമ, ഡയറി ഡെവലപ്മെന്റ്, കേരള ഫീഡ്സ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളെയെല്ലാം ഒരു കൺസോർഷ്യമാക്കിക്കൊണ്ട് മുട്ട, പാൽ, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പശുഗ്രാമം പദ്ധതി, വിദർഭ പദ്ധതി, വീട്ടുവളപ്പിൽ കോഴിവളർത്തൽ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. അത്യുല്പാദനശേഷിയുള്ള എരുമകളെയും പശുക്കളെയും ഇറക്കുമതി ചെയ്യുന്നതിനും സെമൻ കൊണ്ടുവരുന്നതിനും ശ്രമം നടത്തും. മാട്ടുപ്പെട്ടിയിലെ ഇൻഡോ–സ്വിസ് പ്രോജക്ട് പുന:സ്ഥാപിക്കാനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ വളരെ കാലപ്പഴക്കംചെന്ന ലാബുകളും ഉപകരണങ്ങളും റീപ്ലേസ് ചെയ്ത് മോഡേണൈസ് ചെയ്യുന്നതിനുള്ള നടപടി സ്വികരിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിനാവശ്യമായ മാംസത്തിന്റെ 20% മാത്രമേ ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നുള്ളൂ എന്നതുകൊണ്ട് അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള കന്നുകാലികളെ പൂർണ്ണമായി നിരോധിക്കാൻ കഴിയില്ല. വെറ്ററിനറി ഡോക്ടർമാരേയും ലൈവ്സ്റ്റോക്ക് അസിസ്റ്റന്റുമാരേയും ചെക്ക്പോസ്റ്റുകളിൽ നിയമിച്ച് അതുവഴി കൊണ്ടുവരുന്ന കന്നുകാലികളെ പരിശോധിച്ച് ചെവിയിൽ സീൽചെയ്യുന്ന നടപടി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതാണ്. കേരളത്തിൽ അവശേഷിക്കുന്ന ജെഴ്സി ഫാമുകൾ കാര്യക്ഷമമാക്കുന്നതാണ്. കേരളത്തിന്റെ കാലാവസ്ഥയ്ക്കനുയോജ്യമായ ബ്രീഡിംഗ് പോളിസി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. വെച്ചൂർ

പശുക്കളെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഏല്ലാ പഞ്ചായത്തുകളിലും മിനിമം ഒരു വെറ്ററിനറി ആശുപത്രി അല്ലെങ്കിൽ മൊബൈൽ വെറ്ററിനറി സംവിധാനം ഉണ്ടാകണമെന്നുള്ള ലക്ഷ്യം ഘട്ടംഘട്ടമായി പൂർത്തീകരിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നതെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

72 (*302) <u>വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിലെ സുതാര്യത</u>

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ്കുട്ടി) നൽകിയ മറുപടിയിൽ, തദ്ദേശ സ്ഥാപനങ്ങൾവഴി നൽകിയ വ്യക്തിഗത ആനുകൂല്യങ്ങൾ ദരിദ്ര ജനവിഭാഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിന് ഉതകിയില്ലെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2004–05–ലെ സമാഹൃത റിപ്പോർട്ടിലെ അവലോകനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ പെർഫോർമൻസ് ആഡിറ്റാണ് നിലവിലുള്ളത്. വളരെ ഫലപ്രദമായ രീതിയിൽ ഇതുനടത്താനുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. നിലവിലുള്ള ഉത്തരവുകൾ പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ സുതാര്യമാണ്. പതിനൊന്നാം പദ്ധതിയിൽ ഈ പ്രക്രിയ കൂടുതൽ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ദരിദ്ര ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ആനുകൂല്യങ്ങൾ നൽകുന്നത്. ആകയാൽ ഒന്നിലധികം ആനുകൂല്യങ്ങൾ ഒരേ ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികളിൽ നൽകുന്നതിന് തടസ്സമില്ല.

എന്നാൽ ഒരേ ആനുകൂല്യം ഒന്നിലധികം തവണ ഒരാൾക്ക് നൽകുന്നതല്ല. അർഹരായ ആവശ്യക്കാർക്ക് ആനുകൂല്യം നൽകുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്. ആനുകൂല്യത്തിന് അർഹതപ്പെട്ടവരുടെ ലിസ്റ്റ് 5 കൊല്ലത്തേയ്ക്കാണ് തയ്യാറാക്കുന്നത്. ആനുകൂല്യം വിതരണം ചെയ്യുന്ന ഘട്ടത്തിൽ അതിന്റെ പ്രയോറിറ്റി അനുസരിച്ച് അർഹതപ്പെട്ടവർക്ക് കൊടുക്കുന്നതിനുള്ള സംവിധാനമാണുണ്ടാക്കിയിട്ടുള്ളത്. അതിൽ എന്തെങ്കിലും മാറ്റം ആവശ്യമാണെങ്കിൽ ഗ്രാമസഭകളിൽ വച്ചുതന്നെ വരുത്താവുന്നതാണ്. ലിസ്റ്റിൽ നിലവിലുള്ള മുൻഗണനാ ക്രമത്തിലുൾപ്പെടാത്ത വിഭാഗങ്ങളുണ്ടെങ്കിൽ അവരെക്കൂടി ചേർത്ത് ലിസ്റ്റുണ്ടാക്കുന്നതിന് ശ്രമിക്കുന്നതാണ്. ആനുകൂല്യം വിതരണം ചെയ്യുന്ന കാര്യത്തിൽ സമയക്ലിപ്തതയുണ്ടാക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. ഉല്പാദനമേഖലകളെ ലക്ഷ്യംവച്ചുകൊണ്ട് പഞ്ചായത്തുകൾ വാങ്ങി വിതരണം ചെയ്യുന്ന യന്ത്രോപകരണങ്ങളെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ ക്രമക്കേട് പരിശോധിക്കുന്നതിന് നിലവിലുള്ള കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്. വിവിധ ആനുകൂല്യങ്ങൾക്കുള്ള തുകയുടെ യഥാവിധിയുള്ള വിനിയോഗം മോണിറ്ററിംഗ് സമിതികൾ വിവിധ ഘട്ടങ്ങളിലും പൂർത്തീകരണ സമയത്തും വിലയിരുത്തുന്നുണ്ട്. ഒരു ഉദ്യോഗസ്ഥൻ കൺവീനറായുള്ള ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നത്. നിലവിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ആദ്യഘട്ടത്തിൽ

വളരെ സജീവമായിരുന്ന ഗ്രാമസഭ പിന്നീട് വേണ്ടതുപോലെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നുള്ളത് കണക്കിലെടുത്ത് ഗ്രാമസഭ വളരെ കൃത്യമായി കൂടാനും മുഴുവൻ ആളുകളുടെയും പങ്കാളിത്തം ഉറപ്പാക്കാനും ഈ മേഖലയിലുണ്ടാകുന്ന എല്ലാ കാര്യങ്ങളെ സംബന്ധിച്ചും അവരുമായി അലോചിച്ച് ആവശ്യമായ സംവിധാനങ്ങളുണ്ടാക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും അതിന്റെ ഗൗരവം ഗ്രാമസഭയിലെ ജനങ്ങളെ ബോധ്യപ്പെടുത്തി അവരെ ജാഗ്രതപ്പെടുത്തുന്നതിനുമുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. ഗ്രാമസഭകൾ മൂന്നുമാസത്തിലൊരിക്കൽ കൂടണമെന്നാണ് ചട്ടം. അങ്ങനെ കൂടാത്ത ഗ്രാമസഭകളോട് വിശദീകരണം ചോദിക്കുകയും മേലിൽ ആവർത്തിക്കാതിരിക്കാൻ ശക്തമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്യും. കക്കൂസുകൾ പോലുള്ള വ്യക്തിഗത പദ്ധതികൾക്ക് വാർഡ്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. കക്കൂസ് നിർമ്മാണത്തിനാവശ്യമായ തുക വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിലുള്ളവർക്ക് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. പഞ്ചായത്തുകൾ നൽകുന്ന ചികിത്സാ ധനസഹായം വർദ്ധിപ്പിക്കുന്നതിനാവശ്യമായ അനുമതി കൊടുക്കുന്നതാണ്. വീട് നിർമ്മാണത്തിനുള്ള തുക എസ്.സി./എസ്.ടി. വിഭാഗത്തിന് 70,000 രൂപയായും മറ്റുള്ളവർക്ക് 50,000 രൂപയായും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വികലാംഗരേയും വനിതാ ഗുണഭോക്താക്കളേയും വ്യക്തിഗത ആനുകൂല്യത്തിന്റെ

ഗുണഭോക്താക്കളാക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

73 (*303) ക്ഷീര കർഷകർക്ക് ക്ഷേമപദ്ധതി

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസ് നടപ്പാക്കിയതെന്ന് സഭയെ അറിയിച്ചു. പ്രസ്തുത ഓർഡിനൻസിലെ അപാകതകൾ വിശദമായി പഠിച്ച് ക്ഷീരകർഷകർക്ക് കൂടുതൽ പ്രയോജനകരമായ രീതിയിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. നിലവിലുള്ള കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിലെ അംഗങ്ങളായ ക്ഷീരകർഷകർക്ക് ക്ഷേമനിധിയിൽ അംഗമാകാൻ അവർ 10 വർഷമെങ്കിലും പ്രതിവർഷം 500 ലിറ്ററിനുമേൽ പാൽ സംഘത്തിന് നൽകണം. ഇങ്ങനെ അംഗമാകുന്നവർക്ക് 60 വയസ്സ് പൂർത്തിയാവുന്ന മുറയ്ക്ക് പ്രതിമാസം 250 രൂപ നിരക്കിൽ പെൻഷൻ ലഭിക്കും. പെൻഷന് അർഹതപ്പെട്ടയാളോ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന ആളോ മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ അർഹരായ നോമിനിക്ക് പ്രതിമാസം 125 രൂപ നിരക്കിൽ കുടുംബപെൻഷൻ ലഭിക്കും. കൂടാതെ ക്ഷേമനിധിയിൽ അംഗമായശേഷം സ്ഥായിയായ അവശത അനുഭവിക്കുന്ന ക്ഷീരകർഷകന് ഒറ്റത്തവണ 5000 രൂപ ധനസഹായം നൽകുവാനും വ്യവസ്ഥയുണ്ട്. അതുപ്രകാരം സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിൽപ്പെട്ട 123769 ക്ഷീരകർഷകർ

ക്ഷേമനിധിയിൽ അംഗങ്ങളായി ചേരുകയും അതിൽ 17456 പേർക്ക് പെൻഷനും 30 നോമിനികൾക്ക് കുടുംബപെൻഷനും നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒരു കർഷകയ്ക്ക് സാമ്പത്തിക സഹായവും അനുവദിച്ചിട്ടുണ്ട്. ക്ഷീരകർഷകർക്ക് ക്ഷേമപദ്ധതിയിൽ മലബാർ യൂണിയൻ കൊടുക്കുന്ന ആനുകൂല്യങ്ങൾ എറണാകുളത്തും തിരുവനന്തപുരത്തും കൊടുക്കുന്നതിന് ഉന്നതതലയോഗം കൂടി തീരുമാനമെടുത്തുകഴിഞ്ഞു. മിൽമയാണ് പാൽ സംഭരിക്കുന്നത്. ക്ഷീരകർഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി പാലിന്റെ വിലകൂട്ടുകയും സഹകരണസംഘങ്ങൾക്ക് അംശദായം കൊടുക്കുകയും ചെയ്തിട്ടുണ്ട്. സഹകരണസംഘങ്ങളുടെ മെമ്പർഷിപ്പ് വർദ്ധിപ്പിക്കാനും പ്രവർത്തനം കാര്യക്ഷമമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്വകാര്യ മേഖലയിൽ മാതൃകാപരമായി ക്ഷീരോല്പാദന സംഘങ്ങൾ മുന്നോട്ടുവന്നാൽ സാമ്പത്തിക സഹായവും സാങ്കേതിക ഉപദേശവും കൊടുത്ത് അവരെ പ്രോത്സാഹിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് നിലവിലുള്ള മൂന്ന് കാലിത്തീറ്റ നിർമ്മാണ ഫാക്ടറികളിൽ രണ്ടെണ്ണം മിൽമയുടെ നിയന്ത്രണത്തിലും ഒന്ന് ഗവൺമെന്റിന്റെ നിയന്ത്രണത്തിലുമാണ്. നാലാമതൊരു കാലിത്തീറ്റ ഫാക്ടറികൂടി ആരംഭിക്കാനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ സംഘങ്ങൾ കാലിത്തീറ്റയിൽ മായം ചേർക്കുന്നതായുള്ള പരാതി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. പശുഗ്രാമം പദ്ധതിയിലൂടെ അത്യുല്പാദനശേഷിയുള്ള പശുക്കളെ അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നുണ്ട്. മലബാർ ആട്ടിൻകുട്ടികളെ വിതരണം ചെയ്യാനുള്ള ഒരു പദ്ധതിയും ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ ഗോസുരക്ഷാ പദ്ധതി

ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റു ജില്ലകളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ വിദർഭ പദ്ധതി പാലക്കാട്, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലാണ് നടപ്പാക്കിയിട്ടുള്ളത്. പുതുതായി ഇടുക്കിയിലും ആലപ്പുഴയിലും പദ്ധതി നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ക്ഷീരകർഷകരുടെ നിലനിൽപിനാവശ്യമായ കന്നുകാലി സംരക്ഷണത്തിന് ഒരു സമഗ്ര പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ക്രോസ് ബ്രീഡ് ചെയ്യപ്പെട്ട കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും ഇമ്മ്യൂണൈസേഷൻ സെന്ററുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

74 (* 305) <u>തദ്ദേശഭരണ സ്ഥാപനങ്ങളിലെ ലൈബ്രറികൾ</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ 1146 ലൈബ്രറികളാണുള്ളതെന്ന് അറിയിച്ചു. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അഫിലിയേഷനുള്ള പഞ്ചായത്ത് ലൈബ്രറികളുടെ എണ്ണം 352-ഉം മുനിസിപ്പൽ ലൈബ്രറികളുടെ എണ്ണം 54-ഉം ആണ്.

75 (* 307) <u>സംസ്ഥാനത്തെ റിക്രൂട്ടിംഗ് ഏജൻസികൾ</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ലൈസൻസുള്ള 114 റിക്രൂട്ടിംഗ് ഏജൻസികൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് അറിയിച്ചു. വ്യാജ പത്രപ്പരസ്യം നൽകിയോ അല്ലാതെയോ ഉദ്യോഗാർത്ഥികളെ കബളിപ്പിക്കുന്നതായ പരാതികളിൻമേൽ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ

നടപടികൾ സ്വീകരിച്ചുവരുന്നു. വ്യാജ റിക്രൂട്ടിംഗ് തടയുന്നതിന് സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരേയും നിയോഗിച്ചിട്ടുണ്ട്.

76 (* 312) 'യുവശ്രീ' പദ്ധതി

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന സർക്കാർ 18 വയസ്സിനും 35-നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ യാണ് യുവശ്രീ പദ്ധതി ആരംഭിച്ചതെന്ന് അറിയിച്ചു. കുറഞ്ഞത് പത്താം ക്ലാസ്സ് വരെയെങ്കിലും വിദ്യാഭ്യാസ യോഗ്യതയുള്ള കുടുംബശ്രീയുടെ അയൽക്കൂട്ട കുടുംബങ്ങളിലെ അംഗങ്ങൾക്ക് ഈ പദ്ധതിയിലൂടെ വിവിധ സൂക്ഷ്മ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി ഒരു ലക്ഷം രൂപവരെ സബ്സിഡി അനുവദിക്കാറുണ്ട്. ഫുഡ് സപ്ളിമെന്റ് യൂണിറ്റുകൾ, ആയുർവേദ ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ, ബസ് സർവ്വീസ് യൂണിറ്റുകൾ, കൺസ്ട്രക്ഷൻ വർക്സ്, ഇലക്ട്രോണിക് ഉപകരണങ്ങളുടെ സർവ്വീസിംഗ് യൂണിറ്റുകൾ, കമ്പ്യൂട്ടർ/ഡാറ്റാ എൻട്രി/ഡി.ടി.പി. യൂണിറ്റുകൾ, കല്ലുമ്മക്കായ വളർത്തൽ, ആട്/മുയൽ/പശു വളർത്തൽ യൂണിറ്റുകൾ, കാടക്കോഴി വളർത്തൽ, പൗൾട്രി ഫാം, തേനീച്ച വളർത്തൽ, മെഴുകുതിരി നിർമ്മാണം, സോപ്പ് നിർമ്മാണം, സാനിട്ടറി ലോഷൻ നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, ബുക്ക് ബൈന്റിംഗ് യൂണിറ്റുകൾ, കാന്റീൻ കാറ്ററിംഗ് യൂണിറ്റുകൾ, ഫാൻസി സ്റ്റോറുകൾ, പലചരക്ക് കടകൾ, ഹെൽത്ത് കെയർ യൂണിറ്റുകൾ, നെയ്ത്ത്/കൈത്തറി യൂണിറ്റുകൾ, കയർ/കയറ്റുമെത്ത നിർമ്മാണ യൂണിറ്റുകൾ, അച്ചാർ നിർമ്മാണ യൂണിറ്റുകൾ, കൊപ്ര സംസ്കരണം/വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾ,

വെൽഡിംഗ് യൂണിറ്റുകൾ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം തുടങ്ങിയ ചെറുതും വലുതുമായ 570 സംരംഭങ്ങൾ ഈ പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

77 (* 315) ഗ്രാമീണ മേഖലയുടെ വികസനം

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഗ്രാമീണ മേഖലയുടെ വികസനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണെന്ന് അറിയിച്ചു:

1. സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.)
2. സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.) സ്പെഷ്യൽ പ്രോജക്ടുകൾ
3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.)
4. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.)
5. സമ്പൂർണ്ണ ശുചിത്വ യജ്ഞം (ടി.എസ്.സി.)
6. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എൻ.ആർ.ഇ.ജി.എസ്.)
7. ഹരിയാലി
8. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.)
9. പിന്നോക്ക പ്രദേശ വികസന നിധി (ബി.ആർ.ജി. എഫ്.)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

85 (2186) ഭരണപരിഷ്കാര കമ്മിറ്റി റിപ്പോർട്ടുകൾ

സംസ്ഥാനത്ത് നടപ്പാക്കേണ്ട ഭരണപരിഷ്കാരത്തെക്കുറിച്ച് ലഭിച്ച 1, 2, 3, 4, 6, 8, 10, 11, 12, 13 എന്നീ നമ്പർ റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും അംഗീകരിച്ച് നടപ്പിലാക്കിവരുന്നു. 5, 7, 9, 14, 15 എന്നീ നമ്പർ റിപ്പോർട്ടുകളിലെ ശുപാർശകൾകൂടി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

86 (2214) ഭൂചലനം

2006 മാർച്ച് മുതൽ നാളിതുവരെ സംസ്ഥാനത്ത് 23 നേരിയ ഭൂചലനങ്ങൾ പീച്ചിയിലെ മാപിനി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ 16

എണ്ണവും തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ഭാഗത്താണ്. ഭൂചലനവുമായി ബന്ധപ്പെട്ട് വിവിധ പഠനങ്ങൾ സെസ്സിൽ നടന്നുവരുന്നുണ്ട്. അടുത്ത പഞ്ചവത്സര പദ്ധതിക്കാലത്ത് സെസ്സിന്റെ വ്യാപ്തിയും ഘടനയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

87 (ടി 2223) <u>പിന്നോക്ക മേഖല സഹായനിധി</u>

2002–2003–ൽ ഭാരതസർക്കാർ ''രാഷ്ട്രീയ സാംവികാസ് യോജന'' എന്ന പേരിൽ ആരംഭിച്ച പദ്ധതി 2005–06 മുതൽ 'പിന്നോക്ക മേഖല സഹായ നിധി' എന്ന പേരിൽ നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലക്കാട്, വയനാട് ജില്ലകൾക്ക് 45 കോടി രൂപ വീതം അടങ്കൽ തുകയ്ക്കുള്ള പദ്ധതികൾ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും പാലക്കാട് ജില്ലയ്ക്ക് 45 കോടി രൂപയും വയനാട് ജില്ലയ്ക്ക് 22.50 കോടി രൂപയും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

88 (2233) <u>ഐ.റ്റി. വ്യവസായങ്ങൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാറ്റേൺ ഇൻഫോലാബ്സ്, ബോട്ടിക് സോഫ്റ്റ് വെയർ, ജി.ഇ.ഒ. ഇൻഫോടെക്, ഇറ്റീസ് ഇന്നോവേറ്റീവ് സൊലൂഷൻസ്, മൈൻഡ് സ്പെയ്സ്, ഒക്സസ് എന്നീ കമ്പനികൾ സംസ്ഥാനത്ത് ഐ.റ്റി. വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്.

89 (2235) <u>പുതിയ ഐ.ടി. പാർക്കുകൾ</u>

കൊച്ചിയിലെ ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനം, സ്മാർട്ട് സിറ്റി പദ്ധതി, തിരുവനന്തപുരം ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനം, 507 ഏക്കറിൽ തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന ടെക്നോസിറ്റി എന്നിവ കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

90 (2271) <u>മനുഷ്യാവകാശ കമ്മീഷനിലെ കേസ്സുകൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ 14–3–2007 വരെ 3453 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 1510 കേസ്സുകളിൻമേൽ തീർപ്പ് കല്പിച്ചിട്ടുണ്ട്.

91 (2300) <u>എൽ.പി.ജി. ഉപഭോക്താക്കൾ</u>

സംസ്ഥാനത്ത് 5008643 എൽ.പി.ജി. ഉപഭോക്താക്കളുണ്ട്.

92 (2306) <u>റേഷൻ റീട്ടെയിൽ വിപണന കേന്ദ്രങ്ങൾ</u>

സംസ്ഥാനത്ത് 14206 റേഷൻ റീട്ടെയിൽ വിപണന കേന്ദ്രങ്ങളുണ്ട്.

93 (2314) <u>പാൽ സംഭരണം</u>

മിൽമയുടെ 2006–07 സാമ്പത്തിക വർഷത്തിൽ ആദ്യ 11 മാസത്തെ പ്രതിദിന ശരാശരി പാൽ സംഭരണം 8.10 ലക്ഷം ലിറ്ററും 2007 ഫെബ്രുവരി മാസത്തെ പ്രതിദിന ശരാശരി സംഭരണം 6.8 ലക്ഷം ലിറ്ററുമാണ്.

94 (2334) <u>തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് കുടിശ്ശിക</u>

ഗ്രാമ–ബ്ളോക്ക്–ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായി 1081 ഓഡിറ്റ് കുടിശ്ശിക നിലവിലുണ്ട്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ എന്നീ കോർപ്പറേഷനുകളിൽ യഥാക്രമം 21 വർഷത്തെയും 6 വർഷത്തെയും 19 വർഷത്തെയും 5 വർഷത്തെയും ഓഡിറ്റ് കുടിശ്ശികയുണ്ട്.